DESPATCHED
On...05/06/2020

30/01/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1378(4)/2017**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നം.3553/*എസ്.ഐ.സി–ജി 2/2017*)**

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പ്രശാന്ത് കെ. ബേബി,
കല്ലുപുരയ്ക്കൽ,
കണ്ണടത്തിൽ, പുളിങ്കുന്ന്– 688 504. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ)ആഫീസ്,
കുട്ടനാട്.

2. അപ്പീൽ അധികാരി &
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07.06.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.10.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.11.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.12.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.03.2017 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15.03.2017 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 07.06.2016 ൽ ഒന്നാം എതിർകക്ഷിക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ, ഒന്നാം എതിർകക്ഷിയുടെ അധികാര പരിധിയിലുള്ള പുളിങ്കുന്ന് വടക്കേ അങ്ങാടി സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട ചില വിവരങ്ങളും രേഖകളും ആവശ്യപ്പെട്ടിട്ട്, ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 29.07.2017 ൽ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 18.08.2017 ലും, രണ്ടാം എതിർകക്ഷി 22.08.2017 ലും റിപ്പോർട്ട് നൽകി.

3. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ തന്റെ ഓഫീസിലുള്ളതല്ലെന്നും, മറ്റൊരു സഹകരണ ബാങ്കിൽ (വടക്കേ അങ്ങാടി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. എ 705, പുളിങ്കുന്ന്) ൽ നിന്ന് സമാഹരിക്കേണ്ടതായിരുന്നുവെന്നും, ഇത് പ്രസ്തുത ബാങ്ക് സെക്രട്ടറിയിൽ നിന്ന് ലഭിച്ചാൽ മാത്രമേ അപേക്ഷകന് നൽകാൻ കഴിയൂ എന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പറഞ്ഞു. അപേക്ഷകൻ ആവശ്യപ്പെട്ട 26.10.2010, 19.07.2013 എന്നീ തീയതികളിൽ പണം കൈപ്പറ്റിയ വൗച്ചറുകൾ ഇൻസ്പെക്ഷൻ, ഓഡിറ്റ് എന്നിവയ്ക്കുശേഷം പഴയ രേഖകളോടൊപ്പം മാറ്റിയതിനാൽ തെരച്ചിലിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചതിനാലാണ് ഇവ നൽകാൻ സാധിക്കാതെ വന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. കേരള സഹകരണ സംഘം നിയമം 1969 ചട്ടം 31 പ്രകാരം സഹകരണ ബാങ്കുകൾ ഇടപാടുകൾ തീർത്ത് അഞ്ചു വർഷക്കാലം വൗച്ചർ ഫയലുകൾ സൂക്ഷിക്കേണ്ടതാണെന്നും, 07.07.2017 ൽ ഈ രേഖകൾ ഹാജരാക്കാൻ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നെങ്കിലും, രേഖകൾ കണ്ടെത്താനായില്ല എന്ന മറുപടിയാണ് സെക്രട്ടറി നൽകിയിരിക്കുന്നതെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പറയുന്നുണ്ട്. സെക്രട്ടറി നൽകിയ മറുപടി

ക്കത്തും ഒന്നാം എതിർകക്ഷി റിപ്പോർട്ടിനൊപ്പം കമ്മീഷനു നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ തന്നെയാണ് രണ്ടാം എതിർകക്ഷി കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിലും പറഞ്ഞിട്ടുള്ളത്.

4. ഇതിനുശേഷം കമ്മീഷൻ 05.02.2019 ൽ ആലപ്പുഴ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

5. തന്റെ പേരിൽ ആരോ വ്യാജമായി വായ്പ പുതുക്കിയിരിക്കുകയാണെന്നും, പുതുക്കി എന്നു പറയുന്ന സമയത്ത് താൻ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയായിരുന്നുവെന്നും, ഇക്കാര്യത്തിൽ നിജസ്ഥിതി ബോധ്യപ്പെടുന്നതിനുവേണ്ടിയാണ് 26.10.2010, 19.07.2013 എന്നീ തീയതികളിൽ അപേക്ഷകൻ കൈപ്പറ്റിയ വായ്പാ വൗച്ചറുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടതെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

6. ഒന്നാം എതിർകക്ഷിയാകട്ടെ, നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഹിയറിങ്ങിലും മൊഴിയായി നൽകി.

7. ബാങ്കിലെ മുൻസെക്രട്ടറി 31.01.2018 ൽ സർവീസിൽ നിന്ന് വിരമിച്ചുവെന്നും, ടിയാൾ മുമ്പ് നൽകിയിരുന്ന മറുപടി, സംഘത്തിൽ പെയ്ന്റിങ്ങ്, ഓഫീസ് ക്രമീകരണം എന്നിവ നടത്തിയ സാഹചര്യത്തിൽ, ഇടപാടുകൾ അവസാനിച്ചതും സംഘത്തിൽ ബാധ്യത ഇല്ലാത്തതുമായ എല്ലാ രേഖകളും സ്ഥല പരിമിതി മൂലം പഴയ റെക്കോഡുകളുടെ കൂട്ടത്തിൽ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നും, 2018 ആഗസ്റ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ മുൻവർഷങ്ങളിലെ സ്ലിപ്പുകളിൽ ചിലത് നശിച്ചുപോയിട്ടുണ്ടെന്നും, അവയുടെ കൂട്ടത്തിൽ ടി രേഖകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയില്ലെന്നും ആയതിനാൽ, ആവശ്യപ്പെട്ട വായ്പാ വൗച്ചറുകളുടെ പകർപ്പുകൾ നൽകാൻ സാധിക്കില്ലായെന്നും, പിന്നീട് ലഭിക്കുകയാണെ

ങ്കിൽ ഓഫീസിൽ എത്തിച്ചുകൊള്ളാമെന്നും പറഞ്ഞ് സഹകരണ ബാങ്ക് സെക്രട്ടറി 04.02.2019 ൽ നൽകിയ കത്തിന്റെ പകർപ്പും ഒന്നാം എതിർകക്ഷി ഹിയറിങ്ങ് വേളയിൽ കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

8. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന്, അപ്പീൽ ഹർജിക്കാരൻ പറയുന്ന കാര്യങ്ങൾ ന്യായമാണെന്ന് കമ്മീഷൻ കരുതുന്നു. അപ്പീൽ ഹർജിക്കാരന്റെ പേരിൽ വായ്പ പുതുക്കിയതുമായി ബന്ധപ്പെട്ട സത്യാവസ്ഥ ബോധ്യപ്പെടുന്നതിന് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭിക്കേണ്ടത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

9. അത് ലഭ്യമല്ലെന്ന് ഒന്നാം എതിർകക്ഷി, ബന്ധപ്പെട്ട ബാങ്ക് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നത് പൂർണമായും വിശ്വസനീയമല്ല. 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കത്തിൽ ടി രേഖകൾ നഷ്ടപ്പെട്ടിരിക്കാൻ സാധ്യതയുണ്ടെന്ന സംശയമാണ് പ്രസ്തുത ബാങ്ക് സെക്രട്ടറി, ഈ രേഖകളുടെ പകർപ്പുകൾ നൽകാൻ കഴിയാത്തതിന് ഉപോൽബലകമായി ചൂണ്ടിക്കാട്ടുന്നത്.

10. എന്നാൽ അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയിരിക്കുന്നത് 07.06.2016 ലാണ്. എന്നു പറഞ്ഞാൽ ഒന്നും രണ്ടും എതിർകക്ഷികൾ ചേർന്ന് രണ്ടോ മൂന്നോ മാസത്തിനുള്ളിൽ ഇതിൽ തീർപ്പുകൽപ്പിക്കേണ്ടതായിരുന്നു. അതായത് ബാങ്ക് സെക്രട്ടറി ചൂണ്ടിക്കാട്ടിയ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനും രണ്ടുവർഷം മുമ്പ് തീർപ്പാക്കേണ്ടതായിരുന്നു. അന്ന് അത് കൃത്യമായും, സമയബന്ധിതമായും ചെയ്യാതിരുന്നതുകൊണ്ടാണ് ഇപ്പോൾ പ്രകൃതിയെ പഴിച്ച് രക്ഷപ്പെടാനുള്ള ശ്രമം നടത്തേണ്ടിവന്നിട്ടുള്ളത്. ഇത് ഭൂഷണമല്ല.

11. ഇതെല്ലാം പരിശോധിക്കുമ്പോൾ, പരാമർശിതകാലയളവിലെ എതിർകക്ഷികൾ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന നിഗമനത്തിൽ എത്തിച്ചേരേണ്ടി വരും.

12. അതുകൊണ്ട്, ഈ ഉത്തരവു ലഭിച്ച് പരമാവധി ഒരു മാസത്തിനുള്ളിൽ ടി രേഖകൾ കണ്ടെത്തി അപ്പീൽ ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

13. ഒപ്പം, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ എന്തുകൊണ്ട് സമയബന്ധിതമായി നടപടിയെടുത്തില്ല എന്നതിനുള്ള വിശദീകരണവും മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷനു ലഭ്യമാക്കേണ്ടതാണ്.

14. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 30.01.2020 ന് താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re